ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ തുടങ്ങാൻ ഇരിക്കുന്ന സ്റ്റീൽ കോംപ്ലക്സിന്റെ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തള്ളിക്കളഞ്ഞതായി ഗവണ്മെന്റിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പള സമീകരണം

* 143. [27] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും, അലവൻസും സർക്കാർസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിനും അലവൻസിനും തുല്യമാക്കുന്നതാണെന്നും, 1955 ഏപ്രിൽ മാസം മുതൽ ഈ പരിഷ്കരിച്ച ശമ്പളവും, അലവൻസും അവർക്ക് ലഭിക്കുന്നതാണെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഉറപ്പു ഇതേവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ട്.

(ബി) അതിനെപ്പറ്റിയുള്ള ആർഡറുകൾ അടുത്തു വരുന്നതാണ്.

ശ്രീ. ടി. എ. മജീദ് : എപ്പോൾ ശമ്പളം കൊടുത്തുതുടങ്ങുമെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ആർഡറുകൾ വന്നാലുടൻ.

ശ്രീ. ടി. എ. മജീദ് : എപ്പോൾ ആർഡർ വരും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടുത്ത്.

ശ്രീ. ടി. എ. മജീദ് ; അടുത്തെന്നുവച്ചാൽ എന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ അകലെയല്ലാതെ.

ശ്രീ. ടി. എ. മജീദ് : രണ്ടുമൂന്നു മാസങ്ങൾക്കകം വരുമോ, രണ്ടുമൂന്നു വർഷങ്ങളാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുമൂന്നു വർഷം ആകുകയില്ല.

ശ്രീ. ടി. എ. മജീദ് : ഈ കാലതാമസത്തിനു കാരണം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വിഷയത്തെപ്പറ്റി ഇൻഡ്യാഗവണ്മെന്റിലെ എഡ്യൂക്കേഷൻ മിനിസ്ട്രിയോടും പ്ലാനിംഗ് കമ്മീഷനോടും, ചർച്ചകളും എഴുത്തുകുത്തുകളും നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എഡ്യൂക്കേഷൻ മിനിസ്ട്രിയിൽ നിന്നു സാമ്പത്തികസഹായം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ നമ്മൾ പുറപ്പെടുവിക്കുന്ന ആർഡർ അവരുടെ സാമ്പത്തികസഹായം കിട്ടത്തക്കവിധത്തിൽ ആയിരുന്നാൽ രാജ്യത്തിനു കൂടുതൽ ഗുണമുണ്ടെന്നു വിചാരിച്ച് അൽപ്പം താമസംവന്നുപോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly